*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

133rd Issue – Volume 4, No. 14 ജാഗ്രത 4th May 2010

*******

"The spirit of humility is sweeter than honey, and those who nourish themselves with this honey produce sweet fruit."

St. Anthony

*******



SAINT ANTHONY

## പ്രധാന വാർത്തകൾ

തൊഴിലാളികളുടെ ക്ഷേമവും രാഷ്ട്രപുരോഗതിയും സഭയുടെ പ്രഖ്യാപിത ലക്ഷ്യം: മാർ ജോസഫ് പവ്വത്തിൽ

---

മത മേലധ്യക്ഷന്മാരെ രാഷ്ട്രീയ വിവാദങ്ങളിൽ വലിച്ചിഴയ്ക്കരുത്: കാത്തലിക് ഫെഡറേഷൻ

---

വിദ്യാഭ്യാസത്തിൽ മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകണം: മാർ റെമിജിയോസ് ഇഞ്ചനാനിയിൽ

---

സഭയുടെ നിലപാട് വിശ്വാസത്തിൽ അടിയുറച്ചത്: അല്മായ കമ്മീഷൻ

---

വൈദികർക്കു ജന്മം നൽകിയ മാതാപിതാക്കൾ മഹത്വമുള്ളവർ: മാർ ജോർജ് വലിയമറ്റം

---

സമർപ്പിതർ ദൈവവുമായുള്ള ബന്ധം കാത്തുസൂക്ഷിക്കണം: മാർ ജോസ് പൊരുന്നേടം

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## തൊഴിലാളികളുടെ ക്ഷേമവും രാഷ്ട്രപുരോഗതിയും സഭയുടെ പ്രഖ്യാപിത ലക്ഷ്യം: മാർ ജോസഫ് പവ്വത്തിൽ



തൊഴിലാളികളുടെ ക്ഷേമവും കുടുംബങ്ങളുടെ വളർച്ചയും ഇതിലൂടെ രാഷ്ട്രപുരോഗതിയും സഭ ലക്ഷ്യം വയ്ക്കുന്നതായി ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. കേരള ലേബർ മൂവ്മെന്റ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശേരിയിൽ സംഘടിപ്പിച്ച മെയ്ദിന റാലി മെത്രാപ്പോലീത്തൻ പള്ളി മൈതാനിയിൽ ഫ്ളാഗ് ഓഫ് ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. എല്ലാ തൊഴിലും മഹത്തരമാണെന്ന ബോധ്യം സഭാംഗങ്ങൾക്ക് ഉണ്ടാകണം. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം തൊഴിൽ ചെയ്ത് ജീവിക്കാനുള്ള ക്രമീകരണങ്ങളും ഉണ്ടാകണം. ഇതിനാണ് സഭ ലേബർ മൂവ്മെന്റിന് തുടക്കം കുറിച്ചിരിക്കുന്നത്. രാഷ്ട്രീയ സംഘടനകൾ തൊഴിലാളികളെയും സംഘടനകളെയും ചൂഷണം ചെയ്യുന്ന സാഹചര്യം അനുവദിക്കരുത്. ഇത് പുരോഗതിക്ക് സഹായകരമാകില്ലെന്നും ആർച്ച് ബിഷപ് മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. മെത്രാപ്പോലീത്തൻ പള്ളി വികാരി ഫാ.തോമസ് തുമ്പയിൽ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് നൂറു കണക്കിന് തൊഴിലാളികൾ പങ്കെടുത്ത റാലി സെൻട്രൽ ജംഗ്ഷനിലൂടെ എസ്.ബി ഹയർ സെക്കൻഡറി സ്കൂളിൽ എത്തിച്ചേർന്നു. കെ.എൽ.എമ്മിന്റെ കൊടിക്കു പിന്നിൽ മുദ്രാവാക്യം മുഴക്കി തൊഴിലാളികൾ ഒന്നിച്ച റാലി കേരള കത്തോലിക്കാസഭയുടെ ചരിത്രത്തിനും കൂട്ടായ്മയ്ക്കും പുത്തൻ ആമുഖമെഴുതുന്നതായിരുന്നു. എസ്.ബി ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനം ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. തൊഴിലിന്റെ മാഹാത്മ്യം മനസിലാക്കി ക്രൈസ്തവർ തൊഴിൽ മേഖലയെ ശുദ്ധീകരിക്കുന്ന പ്രേഷിതരാകണമെന്ന് മാർ പെരുന്തോട്ടം ഉദ്ബോധിപ്പിച്ചു. സഭയുടെ കീഴിൽ തൊഴിലാളികൾ സംഘടിക്കുന്നത് രാഷ്ട്രീയക്കാർ സംശയദൃഷ്ടിയോടെ വീക്ഷിച്ച് ഇതിനെ ഭിന്നിപ്പിക്കാൻ കരുതലോടെ കാത്തിരിക്കുന്നത് ജാഗ്രതയോടെ കാണണമെന്നും മാർ പെരുന്തോട്ടം അഭിപ്രായപ്പെട്ടു.

അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കുറിഞ്ഞിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ജോസഫ് ജൂഡ്, പോലീസ് സൂപ്രണ്ട് ജേക്കബ് ജോബ്, കെഎംഎൽ ഡയറക്ടർ ഫാ.ബെന്നി കുഴിയടി, ചാസ് ഡയറക്ടർ ഫാ.ജേക്കബ് കാട്ടടി, സെബാസ്റ്റ്യൻ മാളിയേക്കൽ, പി.സി കുഞ്ഞപ്പൻ, എസ്ബിടി തെങ്ങണാ ശാഖാ മാനേജർ എ.ടി.ജോബ് എന്നിവർ പ്രസംഗിച്ചു.

## മത മേലധ്യക്ഷന്മാരെ രാഷ്ട്രീയ വിവാദങ്ങളിൽ വലിച്ചിഴയ്ക്കരുത്: കാത്തലിക് ഫെഡറേഷൻ

ക്രൈസ്തവ സഭാ മേലധ്യക്ഷന്മാരെ അനാവശ്യമായി രാഷ്ട്രീയത്തിലേക്ക് വലിച്ചിഴയ്ക്കുന്ന ചില മാധ്യമങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും നടപടി പ്രതിഷേധാർഹമാണെന്ന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് യോഗം കുറ്റപ്പെടുത്തി. രാഷ്ട്രീയ പാർട്ടികളുടെ ലയനം അവരുടെ വ്യക്തിപരമായ കാര്യം മാത്രമാണ്. അതിൽ സഭാ മേലധ്യക്ഷന്മാർക്ക് പ്രത്യേകിച്ച് താത്പര്യമൊന്നുമില്ല. കത്തോലിക്കർക്ക് പ്രത്യേക രാഷ്ട്രീയ പാർട്ടി എന്ന രീതിയിലുള്ള മാധ്യമ പ്രചാരണം കത്തോലിക്കാ സഭയെയും മേലധ്യക്ഷന്മാരെയും അവഹേളിക്കാൻ ഉദ്ദേശിച്ചുള്ളതാണെന്നും കാത്തലിക് ഫെഡറേഷൻ ചൂണ്ടിക്കാട്ടി. കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് അഡ്വ.പി.പി ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ.ഡോ. മാണി പുതിയിടം, റവ.ഡോ. ടോം കുന്നുംപുറം, ഹെൻറി ജോൺ, അഡ്വ.ജോർജ് വർഗീസ് കോടിക്കൽ, കെ.സി ആന്റണി കിഴക്കേവീട്, ഡോ.ഐസക് ആന്റണി, ആൻസി ഷാജി, ടോമി പാലമറ്റം എന്നിവർ പ്രസംഗിച്ചു.

## വിദ്യാഭ്യാസത്തിൽ മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകണം: മാർ റെമിജിയോസ് ഇഞ്ചനാനിയിൽ



മാനുഷികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന വിദ്യാഭ്യാസസംവിധാനമാണ് ഉണ്ടാവേണ്ടതെന്നും ഓരോരുത്തർക്കും അവരവരുടെ അഭിരുചിക്കൊത്ത വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിന് അവസരമൊരുക്കണമെന്നും താമരശേരി രൂപത ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ. തിരുവമ്പാടിയിൽ കെ.സി.വൈ.എം സംസ്ഥാന കമ്മിറ്റിയും താമരശേരി

രൂപത കമ്മിറ്റിയും ചേർന്ന് ഷാഡ്‌വെല്ലിന്റെ സഹകരണത്തോടുകൂടി സംഘടിപ്പിച്ച വിദ്യാഭ്യാസ പ്രദർശനവും സെമിനാറും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തിരുവമ്പാടി അനുരാഗ് ഓഡിറ്റോറിയത്തിൽ നടന്ന സെമിനാറിൽ ജില്ലയുടെ വിവിധ മേഖലകളിൽ നിന്നായി നിരവധി വിദ്യാർഥികളും രക്ഷിതാക്കളും പങ്കെടുത്തു. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ദീപക് ചെർക്കോട്ട് അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. തോമസ് പുതിയാപറമ്പിൽ ഷാഡ്‌വെൽ മാനേജിംഗ് ഡയറക്ടർ ടോം, കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. ജയ്സൺ കൊള്ളന്നൂർ, സംസ്ഥാന സെക്രട്ടറി ജോൺസൺ ശൂരനാട്, ടിറ്റു തോമസ്, ഫാ. അരുൺ വടക്കേൽ, ജസ്റ്റിൻ തോമസ് തറപ്പേൽ, ടി.പി ജോയി, ആശ ഫ്രാൻസിസ്, ജസ്റ്റിൻ മാനുവൽ, ആൽഫിൻ സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു. പ്രശസ്ത കരിയർ ഗൈഡൻസ് വിദഗ്ധൻ ഡോ. പി.ആർ വെങ്കിട്ടരാമൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## സഭയുടെ നിലപാട് വിശ്വാസത്തിൽ അടിയുറച്ചത്: അല്മായ കമ്മീഷൻ

ക്രൈസ്തവ സഭയുടെ നിലപാട് വിശ്വാസത്തിൽ അടിയുറച്ചതാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ. തീവ്രവാദ പ്രസ്ഥാനങ്ങൾക്കും മതവിരോധികൾക്കും സഭ എതിരാണ്. അവസരത്തിനൊത്ത് നിലപാട് മാറ്റുന്നവരും സഭാധ്യക്ഷൻമാരെ ആക്ഷേപിക്കുന്നവരും ക്രൈസ്തവ സഭയ്ക്കു നേരേ വിരൽ ചൂണ്ടേണ്ടതില്ലെന്നും അല്മായ കമ്മീഷൻ വ്യക്തമാക്കി.വിശ്വാസ സമൂഹത്തെ ആവശ്യാനുസരണം ബോധവത്കരിക്കാനും ധാർമിക മൂല്യങ്ങൾക്കധിഷ്ഠിതമായ പ്രബോധനങ്ങൾ നൽകാനും സഭാ നേതൃത്വത്തിന് കടമയുണ്ട്. ആ ഉത്തരവാദിത്വമാണ് സഭാപിതാക്കന്മാർ നിർവഹിക്കുന്നത്. ഇതിൽ കൈ കടത്താൻ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെയും അനുവദിക്കുകയില്ലെന്ന് അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി സെബാസ്റ്റ്യൻ വ്യക്തമാക്കി. സഭയുടെ രാഷ്ട്രീയം കക്ഷിരാഷ്ട്രീയമല്ല. അത് മനുഷ്യനന്മയും സാമൂഹ്യ നീതിയും ലക്ഷ്യമിട്ടുള്ളതാണ്. ന്യൂനപക്ഷസംരക്ഷണവും മതേതരത്വവും മുഖ്യ അജൻഡയുമാണ്. കേരളത്തിലെ രണ്ടു രാഷ്ട്രീയ പാർട്ടികൾ ഒന്നായ വിഷയത്തിലേക്ക് ക്രൈസ്തവ സഭയേയും സഭാധ്യക്ഷന്മാരേയും ആരും വലിച്ചിഴയ്ക്കേണ്ടതില്ല. മതാധ്യക്ഷൻമാരേയും, വൈദികരേയും, സന്യസ്തരേയും, അല്മായരേയും വേർതിരിക്കാനും അവഹേളനത്തിലൂടെയും ആക്ഷേപങ്ങളിലൂടെയും വിശ്വാസി സമൂഹത്തിനിടയിൽ വിഭാഗീയത സൃഷ്ടിക്കാനുമുള്ള ഏതൊരു നീക്കത്തെയും ചെറുക്കുമെന്ന് അഡ്വ. സെബാസ്റ്റ്യൻ മുന്നറിയിപ്പ് നല്കി.

## വൈദികർക്കു ജന്മം നൽകിയ മാതാപിതാക്കൾ മഹത്വമുള്ളവർ: മാർ ജോർജ് വലിയമറ്റം



പൗരോഹിത്യത്തിന്റെ വെല്ലുവിളികൾ വൈദികർക്കു നേരിടാൻ കഴിയുന്നതു അവരുടെ മാതാപിതാക്കളുടെയും സഭാസമൂഹത്തിന്റെയും ശക്തമായ പ്രാർഥന മൂലമാണെന്നു തലശേരി ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം. വൈദികർക്കു ജന്മം നൽകിയ മാതാപിതാക്കൾ ഏറെ മഹത്വമുള്ളവരാണെന്നും ആർച്ച്ബിഷപ് പറഞ്ഞു. വൈദിക വർഷാചരണത്തോടനുബന്ധിച്ച് തലശേരി അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ തലശേരി സെന്റ് ജോസഫ്സ് കത്തീഡ്രലിൽ നടന്ന അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികരുടെ കുടുംബ സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ വലിയമറ്റം. മിശിഹായുടെ മനസും ശരീരവും പ്രവർത്തന ശൈലിയും പൗരോഹിത്യ വർഷത്തിൽ ഓരോ വൈദികനും പ്രത്യേകമായി ഉൾക്കൊള്ളണം. വൈദിക വൃത്തി ദൈവത്തിന്റെ വലിയ ദാനമാണ്. സ്നേഹ സമൂഹത്തെ കെട്ടിപ്പടുക്കാൻ പരിശ്രമിക്കുന്ന വൈദികരെ അതിനു കാരണക്കാരാക്കി മാറ്റിയത് അവരുടെ മാതാപിതാക്കളാണ്. മാതാപിതാക്കളുടെ വിശ്വാസ ജീവിതമില്ലായിരുന്നുവെങ്കിൽ വൈദികർ ഉണ്ടാകുമായിരുന്നില്ല. മാതാപിതാക്കൾ വൈദികരുടെ വിശുദ്ധി വളർത്തുകയും അവരുടെ കുറവുകൾ പരിഹരിക്കുകയും ചെയ്യണം. ദൈവസേവനത്തിനായി മക്കളെ സമർപ്പിച്ച മാതാപിതാക്കൾക്കു ദൈവത്തിന്റെ അനുഗ്രഹം എപ്പോഴുമുണ്ടാകുമെന്നും ആർച്ച്ബിഷപ് പറഞ്ഞു. ദൈവവിളി കൊണ്ടു ധന്യമായ രൂപതയാണ് തലശേരി അതിരൂപതയെന്നു വികാരി ജനറാൾ മോൺ മാത്യു. എം ചാലിൽ പറഞ്ഞു. ജനങ്ങൾക്കു വേണ്ടി ത്യാഗപൂർണമായി സേവനമനുഷ്ഠിക്കുന്ന

വൈദികരുടെ വലിയ നിര തന്നെ തലശേരി രൂപതയിലുണ്ട്. സമൂഹത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുഴുകിയതിനാൽ പല വൈദികർക്കും തങ്ങളുടെ മാതാപിതാക്കളെ പോലും കാണാൻ സമയം കിട്ടാറില്ല. എന്നാൽ വൈദികർക്കു മാതാപിതാക്കളെ ഓർക്കാത്ത, അവർക്കു വേണ്ടി പ്രാർഥിക്കാത്ത ഒരു ദിവസം പോലുമുണ്ടാകില്ല. ആരെല്ലാം മറന്നാലും സമർപ്പിതരായ മക്കൾ അവരുടെ മാതാപിതാക്കൾക്കായി പ്രാർഥിച്ചു കൊണ്ടേയിരിക്കും. യേശുവിനെ പോലെ വിശ്വസ്തരായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരാണ് വൈദികരെന്നും മോൺ മാത്യു എം ചാലിൽ പറഞ്ഞു. കുടുംബമുൾപ്പെടെ എല്ലാം ഉപേക്ഷിച്ച് സമൂഹത്തെ സേവിക്കുന്നവരാണ് വൈദികരെന്നു വികാരി ജനറാൾ മോൺ ഡോ. ജോസഫ് കരിനാട്ട് പറഞ്ഞു. അവർ എല്ലാവരുടെയും സ്വന്തമാണ്. തിരക്കു കാരണം കുടുംബ സംഗമത്തിൽ വരാൻ കഴിയില്ലെന്നു പറഞ്ഞ വൈദികർ പോലും അവസാന നിമിഷം മാതാപിതാക്കളോടൊപ്പം ഇവിടെയെത്തി. പിതാവിന്റെ വിളി കേട്ടാണു വൈദികരും മാതാപിതാക്കളും കുടുംബ സംഗമത്തിനെത്തിയതെന്നും മോൺ ഡോ. ജോസഫ് കരിനാട്ട് പറഞ്ഞു. വൈദികരെ പ്രതിനിധീകരിച്ച് ഫാ. ജോർജ് നരിപ്പാറയും വൈദികരുടെ മാതാപിതാക്കളെ പ്രതിനിധീകരിച്ച് ജോൺ പടിഞ്ഞാറെമുറിയിലും പ്രസംഗിച്ചു. പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ജോണി തോമസ് വടക്കേക്കര സ്വാഗതവും പ്രോഗ്രാം കമ്മിറ്റി കൺവീനർ ബേബി നെട്ടനാനിക്കൽ നന്ദിയും പറഞ്ഞു. ഉച്ചകഴിഞ്ഞ് നടന്ന വിശുദ്ധ കുർബാനയ്ക്കു ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം മുഖ്യകാർമികത്വം വഹിച്ചു. മോൺ മാത്യു എം. ചാലിൽ, മോൺ ഡോ. ജോസഫ് കരിനാട്ട്, ഫാ. മാത്യു വില്ലന്താനം, ഫാ. തോമസ് ചെരുവിൽ എന്നിവർ സഹകാർമികരായിരുന്നു.

## സമർപ്പിതർ ദൈവവുമായുള്ള ബന്ധം കാത്തുസൂക്ഷിക്കണം: മാർ ജോസ് പൊരുന്നേടം



പൂർവകാല സ്മരണകളുടെ നിറവിൽ ദിവ്യകാരുണ്യ സന്യാസിനി സമൂഹം സുവർണ ജൂബിലി ആഘോഷിച്ചു. സമർപ്പിതർ ദൈവവുമായുള്ള ബന്ധം കാത്തുസൂക്ഷിക്കണമെന്ന് മാനന്തവാടി രൂപത ബിഷപ് മാർ ജോസ് പൊരുന്നേടം. ദിവ്യകാരുണ്യ സന്യാസിനി സമൂഹത്തിന്റെ ബത്തേരിയിൽ സ്ഥാപിതമായ കോൺവെന്റിന്റെ സുവർണ ജൂബിലി സമാപനത്തോടനുബന്ധിച്ചു നടന്ന വിശുദ്ധ കുർബാന മധ്യേ പ്രസംഗിക്കുകയായിരുന്നു ബിഷപ്. ഉറവിടങ്ങളിലേക്ക് തിരിഞ്ഞുനോക്കാനുള്ള അവസരമാണ് ജൂബിലി ആഘോഷത്തിലൂടെ ലഭിക്കുന്നതെന്ന് ബിഷപ് ഓർമിപ്പിച്ചു. യേശുവാകുന്ന തായ്ത്തണ്ടിനോട് ചേർന്നു ഫലം പുറപ്പെടുവിക്കുന്നവരായി മാറണമെന്നും ബിഷപ് ഉത്ബോധിപ്പിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ബിഷപ് അധ്യക്ഷത വഹിച്ചു. സന്യാസ വ്രതവാഗ്ദാനത്തിന്റെ 50 വർഷങ്ങൾ പിന്നിട്ട സിസ്റ്റർ ഫുൾജൻസി, സിസ്റ്റർ എവരിസ്റ്റ്, സിസ്റ്റർ കൊറ്റിൽഡ, സിസ്റ്റർ ആൻസി, സിസ്റ്റർ ലൂസിയ എന്നിവരെ ബിഷപ് അനുമോദിച്ചു. കടന്നുവന്ന വഴികളിലേക്കുള്ള തിരിഞ്ഞുനോട്ടമെന്നോണം പൂർവകാല സ്മരണകൾ ഉണർത്തി സിസ്റ്റർ ജോസിയ പ്രസംഗിച്ചു. സിസ്റ്റർ ജോസ് മേരി സ്വാഗതം പറഞ്ഞു. ഫാ. സ്റ്റീഫൻ കോട്ടക്കൽ, ഫാ. ജോർജ് മമ്പള്ളിൽ, ഫാ. ജേക്കബ് നരിക്കുഴി, ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറ, ഫാ. ജോജോ കുടക്കച്ചിറ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു. സിസ്റ്റർ ബെറ്റി തെരസ്, സിസ്റ്റർ കാതറിൻ, സിസ്റ്റർ ലിറ്റിൽമേരി, സിസ്റ്റർ റോസ്, സിസ്റ്റർ ആൻസ്ടോം, സിസ്റ്റർ ഗ്ലോറി എന്നിവർ നേതൃത്വം നൽകി. തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരുന്നു. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കോൺവെന്റിന്റെ നേതൃത്വത്തിൽ പഠിച്ച്, വിവാഹം കഴിപ്പിച്ചു വിവിധ ജീവിതസാഹചര്യങ്ങളിലേക്കു കടന്നുപോയവരുടെ സംഗമവും നടന്നു. സംഗമത്തോടനുബന്ധിച്ച് മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി.


**"Jagratha News"** - An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA